# KERALA ELECTRICITY EMPLOYEES' CONFEDERATION
## INTUC

KEEC

( Reg.No. 01-14/87- Aff. 10485 )
V.P. MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
Phone: 0471-2471087, Fax: 0471-2471087
Email: keecintuchq@gmail.com, Web: www.intuckeec.com

| PRESIDENT | GENERAL SECRETARY | TREASURER |
|---|---|---|
| K.P. DHANAPALAN Ex.M.P | SIBYKUTTY FRANCIS | V. GOPAKUMAR |


തിരുവനന്തപുരം
23-09-2014

To

ഡയറക്ടർ ഫിനാൻസ്
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതിഭവൻ, പട്ടം
തിരുവനന്തപുരം

സർ,

വിഷയം: കുറഞ്ഞ നിരക്കിൽ ഭവനവായ്പ ലഭ്യമാക്കുന്നത് സംബന്ധിച്ച്.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ഭവനവായ്പ ലഭ്യമാക്കുന്നതിലേക്കായി KSEB വിവിധ ബാങ്കുകളുമായി കരാർ ഒപ്പ് വച്ചിരുന്നു. ഈ കരാർ പ്രകാരം വായ്പ ലഭിക്കേണ്ടവർ ബോർഡ് ഉത്തരവ് പ്രകാരമുള്ള ബാങ്കുകളെ വായ്പയ്ക്കുവേണ്ടി സമീപിക്കാം, എന്നതിനപ്പുറം മറ്റൊരു ആനുകൂല്യവും ലഭിക്കുന്നില്ല. പുറത്തുനിന്നുള്ള (ജീവനക്കാരല്ലാത്ത) ഒരു സാധാര കസ്റ്റമർക്ക് കിട്ടുന്ന പരിഗണന മത്രമേ നിലവിലുള്ള എഗ്രിമെന്റിൽ നിന്നും ബോർഡ് ജീവനക്കാർക്കും ലഭിക്കുന്നുള്ളു. ഭവന വായ്പയുടെ പലിശ നിരക്ക് ബാങ്കിന്റെ Base Rate നെ അനുസരിച്ച് മാറും. ഓരോ ബാങ്കിനും ഓരോ ബേസ് റേറ്റാണ്. ബേസ് റേറ്റിലും കറച്ച് വായ്പ കൊടുക്കാൻ സാധരണ ഗതിയിൽ പറ്റില്ലായെങ്കിലും പ്രിവിലേജ്ഡ് കസ്റ്റമറായ KSEB Ltd ന് പ്രത്യേക പരിഗണനകൾ നൽകുന്നതിനുള്ള നടപടികൾ ബാങ്കിന്റെ ഭാഗത്ത്നിന്നും ഉണ്ടാകേതാണെങ്കിലും SBT ഇതുവരെ ഇത്തരത്തിൽ ഒരു അനുകൂല തീരുമാനവും എടുത്തിട്ടില്ല. എന്നുമാത്രമല്ല ബേസ് റേറ്റിനേക്കാൾ കൂടിയ നിരക്കിലാണ് നിലവിൽ വായ്പ അനുവദിക്കുന്നത്. നിലവിലുള്ള നിയമം അനുസരിച്ച്

ബേസ് റേറ്റിൽ തരാമെന്നിരിക്കേ ബേസ് റേറ്റിനേക്കാൾ കൂടിയ നിരക്കിലാണ് ഭവന വായ്പ അനുവദിക്കുന്നത്.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ വരുമാനത്തിന്റെ സിംഹഭാഗവും സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ വഴിയാണ് ഓപ്പറേഷൻ നടത്തുന്നത്. ദിവസങ്ങളോളം ഫണ്ട് SBT യിൽ തന്നെയാണ് കിടക്കാറുമുള്ളത്. ഫണ്ട് ട്രാൻസ്ഫറിലും LC ഓപ്പറേഷനിലും പർച്ചേഴ്സ് ഓഫ് പവർ LC ചാർജ് ഇനത്തിലും വഴിയായി ബോഡിൽനിന്നും കോടികൾ SBT ക്ക് ലഭിക്കുന്നുണ്ട്. SBT യുടെ മേജർ കസ്റ്റമർ KSEB Ltd ആണ്. മാത്രമല്ല ഇവിടുത്തെ ജീവനക്കാരുടെ ശമ്പളവും SBT യിൽ SB അക്കൗണ്ടിൽ തുച്ഛമായ പലിശയ്ക്കാണ് നിക്ഷേപിച്ചിരിക്കുന്നത് മേൽപ്പറഞ്ഞ കാര്യങ്ങളിൽനിന്നും വളരെ വ്യക്തമാണ്, SBT ക്ക് ബിസിനസ്സ് ട്രാൻസാക്ഷൻ വഴി വർഷംതോറും കോടികൾ വരുമാനം ലഭിക്കുന്നുണ്ടെന്നുള്ളത് ആയതിനാൽ KSEB Ltd ലെ ജീവനക്കാർക്ക് ഹൗസ് ലോൺ ബേസ് റേറ്റിനേക്കാൾ 5% കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നതിനുവേണ്ടി SBT മേധാവികളുമായി ചർച്ച നടത്തണം. ഇതിലേയ്ക്കായി ശമ്പളം റിക്കവറി വഴി ലോൺ തിരിച്ചടയ്ക്കുന്നതിനുള്ള എഗ്രിമെന്റ് ഒപ്പുവച്ച് റിക്കവറി നിയമ സാധ്യതയുള്ളതാക്കി മാറ്റി കുറഞ്ഞ നിരക്കിൽ ഭവനവായ്പ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

Silujlesthy

ജനറൽ സെക്രട്ടറി

പകർപ്പ്: മാനേജർ, SBT KSEB Administrative Complex, Pattom